# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1722 14.08.2017- ൽ മറുപടിയ്ക്ക്
പ്രവാസി മലയാളികളുടെ സഹായത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. എം. രാജഗോപാലൻ

എ) വിവിധ പ്രശ്നങ്ങൾ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നോർക്ക എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

ബി) ഇപ്രകാരം മടങ്ങിയെത്തുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി പലിശയിളവ് അനുവദിച്ചുകൊണ്ടുള്ള വായ്പാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) യും വിവിധ പ്രശ്നങ്ങൾ മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

ബി) യും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

(മറുപുറം)

പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല്വ വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

നിലവിൽ നോർക്ക റൂട്ട്സും, സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും, ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ്വ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡി നല്കുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(മറുപുറം)

| | |
|---|---|
| സി) വിദേശ മലയാളികൾക്കും വിദേശത്തു നിന്ന് തിരിച്ചെത്തുന്നവർക്കും നിക്ഷേപങ്ങൾ സംബന്ധിച്ചും ബിസിനസ് സംരംഭങ്ങൾ സംബന്ധിച്ചും വിപുലമായ ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നല്കുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | സി) പ്രവാസികേരളീയരുടെ സമ്പാദ്യം നാട്ടിലെ ബിസിനസ്സ് സംരംഭങ്ങളിൽ വിജയകരമായി നിക്ഷേപിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ കൈത്താങ്ങൽ നല്കുകയെന്ന ലക്ഷ്യത്തോടെയാണ് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുള്ളത്. നിക്ഷേപ തൽപ്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏക ജാലക സംവിധാനമായി പ്രവർത്തിക്കും. കുറഞ്ഞ ചെലവിലും നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ സെന്റർ സഹായകമാകും. നോർക്കവകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ സെന്റർ ലഭ്യമാക്കും. |

**സെക്ഷൻ ഓഫീസർ**